**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കാസറഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ രതീഷ് പി.കെ മുതൽ പേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 1831/18 നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 01.10.2018 ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ) നം.140/2020/തസ്വഭവ** **തീയതി, തിരുവനന്തപുരം, 16/01/2020**

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 23.05.2018 ലെ ഇ 5-38675/17 നമ്പർ നടപടിക്രമം.

2. ശ്രീ.രതീഷ് പി.കെ മുതൽ പേർ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 1831/18 നമ്പർ കേസ്സിന്മേലുള്ള 01.10.2018 ലെ ഉത്തരവ്.

3. പഞ്ചായത്ത് ഡയറക്ടറുടെ 13.12.2018, 07.08.2019 എന്നീ തീയതികളിലെ PAN/25192/2018-E9(DP) നമ്പർ കത്തുകൾ.

**ഉത്തരവ്**

- കാസറഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. രതീഷ് പി.കെ മുതൽ പേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 1831/18 നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 01.10.2018 ൽ പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷകർ തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി മുൻപാകെ സമർപ്പിച്ച അനക്ഷർ A15 മുതൽ A19 നിവേദനങ്ങൾ നിയമാനുസരണം പരിശോധിച്ച്, അപേക്ഷകരെ നേരിൽ കേട്ട് ഉത്തരവ് ലഭിക്കുന്ന തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. അപേക്ഷകരായ ശ്രീ.രതീഷ്.പി.കെ 01-01-2010 ലും ശ്രീ.സുമേഷ്.എം 19-01-2010 ലും ശ്രീ.ഗോപിനാഥൻ വഞ്ഞങ്ങാട് 20-03-2010 ലും ശ്രീ.അഭിലാഷ്.റ്റി.ആർ 31-12-2009 ലും ശ്രീ.ബർണാഡ് 17-11-2008 ലും പി.എസ്.സി ശിപാർശയെ തുടർന്ന് പഞ്ചായത്തിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമിതരാകുകയും തുടർന്ന് സീനിയർ ക്ലാർക്കുമാരായി സ്ഥാന കയറ്റം ലഭിക്കുകയും ചെയ്തു. പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1) നടപടി ക്രമം പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി പട്ടിക അന്തിമമാക്കി. തുടർന്ന് അപേക്ഷകർക്ക് സീനിയർ ക്ലാർക്ക് സ്ഥാന കയറ്റത്തിന് മുൻകാല പ്രാബല്യം ലഭിച്ചു. സീനിയർ ക്ലാർക്കായി മുൻകാല പ്രാബല്യം ലഭിച്ചതിനെ തുടർന്ന് അതാതു പഞ്ചായത്ത് സെക്രട്ടറിമാർ പുതുക്കിയ തീയതി പ്രാബല്യത്തിൽ ശമ്പളം നിജപ്പെടുത്തി നൽകി. ശമ്പള പരിഷ്കരണ ഉത്തരവിനെ തുടർന്ന് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ശമ്പളം ഫിക്സ് ചെയ്യുകയുണ്ടായി. പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1) നടപടിക്രമം പ്രകാരം കേരള

പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 3-ാം ചട്ടം (2) ഉപചട്ടത്തിന്റെ 1-ാം ക്ലിപ്ത നിബന്ധനപ്രകാരം സീനിയോറിറ്റി പട്ടികകളിൽ പുനഃക്രമീകരിക്കുന്ന ഉദ്യോഗക്കയറ്റങ്ങൾ സാങ്കൽപ്പിക ഉദ്യോഗക്കയറ്റങ്ങൾ മാത്രമായി കണക്കാക്കപ്പെടേണ്ടതാണെന്ന് വ്യക്തമായിട്ടുള്ളതിനാൽ സീനിയോറിറ്റി പട്ടികകളിൽ പുനഃക്രമീകരിച്ചിട്ടുള്ള പ്രൊവിഷണൽ പ്രൊമോഷൻ തീയതികൾ അടിസ്ഥാനമാക്കി ഏതെങ്കിലും വിധത്തിലുള്ള ശമ്പള പുനർനിർണ്ണയങ്ങൾ വകുപ്പിന്റെ പ്രത്യേക ഉത്തരവില്ലാതെ നടത്തുവാൻ പാടുള്ളതല്ലെന്ന് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയതിനെ തുടർന്ന് അപേക്ഷകർക്ക് മുൻകാലപ്രാബല്യത്തോടെ സ്ഥാനക്കയറ്റം നൽകിയ തീയതി പ്രാബല്യത്തിൽ ശമ്പളം ഫിക്സ് ചെയ്ത ഉത്തരവ് നടപ്പാക്കാത്തതിനെതിരെയാണ് അനക്ഷർ A15 മുതൽ അനക്ഷർ A19 നിവേദനങ്ങൾ സമർപ്പിച്ചിട്ടുള്ളത്.

3. അപേക്ഷകരെ തദ്ദേശസ്വയംഭരണ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി 15/12/2018 ൽ നേരിൽ കേൾക്കുകയുണ്ടായി. നേർവിചാരണ സമയത്ത് അനക്സർ A15 മുതൽ അനക്സർ A19 നിവേദനത്തിലെ ആവശ്യങ്ങൾ ടിയാളുകൾ ആവർത്തിക്കുകയുണ്ടായി. പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക്, സീനിയർ ക്ലാർക്ക് അനുപാതം 1:1 ആയി പുനഃനിർണ്ണയിച്ചതിനെ തുടർന്നും പുതുതായി സൃഷ്ടിച്ച അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചതിനെ തുടർന്നും സീനിയർ ക്ലാർക്ക് തസ്തികയിൽ 1922 ഒഴിവുകൾ സംജാതമായിരുന്നു. പ്രസ്തുത ഒഴിവുകളിലേക്ക് യോഗ്യത നേടിയ മുഴുവൻ ക്ലാർക്കുമാർക്കും സ്ഥാനക്കയറ്റം അനുവദിച്ചതിനു ശേഷവും നികത്താൻ ഒഴിവുകൾ ശേഷിക്കുകയുണ്ടായി. മേൽ തസ്തികകൾ നിശ്ചിത യോഗ്യത നേടിയവരുടെ അഭാവത്തിൽ ടെസ്റ്റ് യോഗ്യത നേടുന്ന ക്ലാർക്കുമാർ ലഭ്യമാകുന്ന മുറയ്ക്ക് താത്കാലികമായി സ്ഥാനക്കയറ്റം ലഭിച്ചവരെ തരംതാഴ്ത്തുന്നതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഒഴിഞ്ഞു കിടക്കുന്ന സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഒരു Stop gap arrangement മാത്രം എന്ന നിലയിൽ കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 31(a) (i) പ്രകാരം ടെസ്റ്റ് യോഗ്യതയില്ലാത്ത ക്ലാർക്കുമാർക്ക് സീനിയോറിറ്റിയുടെ മാത്രം അടിസ്ഥാനത്തിൽ താത്കാലിക സ്ഥാനക്കയറ്റം നൽകിയിരുന്നു. നിശ്ചിത യോഗ്യത നേടിയ ജീവനക്കാർ ഉണ്ടായ സന്ദർഭത്തിൽ നേരത്തെ നിശ്ചിത പരീക്ഷാ യോഗ്യത നേടാതെ ഉദ്യോഗകയറ്റം നൽകിയ ജീവനക്കാരെ തരംതാഴ്ത്തി യോഗ്യത നേടിയവർക്ക് ഉദ്യോഗകയറ്റം നൽകുകയുണ്ടായി എന്ന് പരാമർശം (3)ലെ 07.08.2019 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി.

4. പഞ്ചായത്ത് വകുപ്പിൽ 01-01-2009 മുതൽ 31-12-2016 വരെയുള്ള കാലയളവിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിച്ചിരുന്നു. പഞ്ചായത്ത് വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ഒഴിവുണ്ടാകുമ്പോൾ ടെസ്റ്റ് യോഗ്യത നേടിയ വിവരം റിപ്പോർട്ട് ചെയ്തിട്ടുള്ള ക്ലാർക്കുമാർക്ക് പ്രൊവിഷണൽ സ്ഥാനക്കയറ്റം നൽകി നിയമിക്കുകയാണ് ചെയ്യാറുള്ളത്. എന്നാൽ മിക്കപ്പോഴും സീനിയറായ ഉദ്യോഗസ്ഥർക്ക് വകുപ്പുതല പരീക്ഷ പാസ്സായ സർട്ടിഫിക്കറ്റുകൾ, പ്രൊബേഷൻ പൂർത്തീകരണപത്രം എന്നിവ അവരുടേതല്ലാത്ത കാരണത്താൽ യഥാസമയം ഹാജരാക്കാൻ സാധിക്കാത്തതുമൂലം കൃത്യമായി സ്ഥാനക്കയറ്റ ഉത്തരവുകളിൽ ഉൾപ്പെടാതെ വരുന്നുണ്ട്. ഇപ്രകാരം ഉള്ള ജീവനക്കാർക്ക് അവരുടെ ഫീഡർ

സീനിയോറിറ്റി, പരീക്ഷായോഗ്യത തീയതി എന്നിവയുടെ അടിസ്ഥാനത്തിൽ പ്രൊമോഷൻ തസ്തികയുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്ന അവസരത്തിൽ ക്രമീകരണം നടത്തി പട്ടികയിൽ ഉൾപ്പെടുത്താറുണ്ട്. നിലവിൽ ഹർജ്ജിക്കാർ ഉൾപ്പെട്ട പട്ടികയിലും ഏകദേശം 300 ഓളം ജീവനക്കാർക്ക് ഇപ്രകാരം സ്ഥാനക്കയറ്റ തീയതിയിൽ പുനഃക്രമീകരണം (സീനിയോറിറ്റി പട്ടികയിൽ മാത്രം) നടത്തിയിട്ടുള്ളതാണ്. ആദ്യം നൽകുന്ന സ്ഥാനക്കയറ്റം പ്രൊവിഷണൽ ആയതിനാൽ സീനിയോറിറ്റി പട്ടികയിൽ സ്ഥാനക്കയറ്റ തീയതി ക്രമീകരണം മറ്റേതെങ്കിലും വിധത്തിലുള്ള സേവന സംബന്ധ വിഷയങ്ങൾ ഉള്ളതല്ല. ഇപ്രകാരം പട്ടികയിൽ തീയതി പുന:ക്രമീകരിക്കുന്നത് മുൻകാല പ്രാബല്യത്തോടെയുള്ള സ്ഥാനക്കയറ്റം എന്നതിന്റെ പരിധിയിൽ വരുന്നതല്ല. കെ.എസ്.ആർ പാർട്ട് - I റൂൾ 28 പ്രകാരം ഒരു തസ്തികയിൽ പ്രവേശിക്കുന്ന തീയതി പ്രാബല്യത്തിൽ മാത്രമേ ശമ്പളം നിർണ്ണയിക്കാനാകൂ. സീനിയോറിറ്റി പുനർനിർണ്ണയിച്ചിട്ടുള്ളത് കാൽപ്പനികമായിട്ടാണ്. പ്രസ്തുത തീയതിയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ പരാതിക്കാർ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ സീനിയോറിറ്റി നിർണ്ണയിച്ച് നൽകാനാവില്ല എന്നും കെ.എസ്.ആർ പാർട്ട് - I റൂൾ 23 (സി) പ്രകാരം കാല്പനികമായി (Notional) ഉദ്യോഗക്കയറ്റത്തിന്റെ സംഗതിയിൽ ശമ്പളത്തിന്റെയും ബത്തകളുടെയും മുൻകാല കുടിശ്ശിക അനുവദിക്കുന്നതല്ല എന്നും പരാമർശം (3) ലെ 13.12.2018 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം(1) നടപടിക്രമം പ്രകാരം 01.01.2016 മുതൽ 31.12.2016 വരെയുള്ള താത്കാലിക സീനിയോറിറ്റി പട്ടികയിൽ അർഹരായവരെ യഥാസ്ഥാനത്ത് നിലനിർത്തിയും ഫീഡർ കാറ്റഗറി ടെസ്റ്റ് യോഗ്യത, ഒഴിവുണ്ടായ തീയതി എന്നിവയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റങ്ങൾ പുനഃക്രമീകരിച്ചും തരംതാഴ്ത്തപ്പെട്ടവരെ ഒഴിവാക്കിയുമാണ് ഉത്തരവായിരിക്കുന്നത്. ഇപ്രകാരം നിലവിലുള്ള തസ്തികകളിൽ തന്നെ ജീവനക്കാരെ പുനഃക്രമീകരിക്കുകയും ഒഴിവ് നിലവിൽ വന്ന തീയതിയുടെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രൊമോഷൻ തീയതി അസൈൻ ചെയ്യുക മാത്രമാണ് ചെയ്തിരിക്കുന്നത്. റീ - അസൈൻ ചെയ്ത അന്തിമ സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പെറ്റീഷണർമാരുടെ ജൂനിയറിന് പ്രൊമോഷൻ നൽകിയിട്ടുണ്ടെങ്കിൽ, പ്രസ്തുത തീയതി പ്രാബല്യത്തിൽ പെറ്റീഷണർമാർക്കും നോഷണൽ പ്രൊമോഷൻ അനുവദിക്കാവുന്നതാണ്. പെറ്റീഷണർക്ക് യഥാർത്ഥത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ച തീയതി വരെയുള്ള കാലയളവ് നോഷണൽ പ്രൊമോഷനായതിനാൽ ശമ്പളകുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കില്ല. നോഷണൽ പ്രൊമോഷൻ കാലയളവിൽ എല്ലാ ആനുകൂല്യങ്ങളും നോഷണലായി നിർണയിക്കേണ്ടതും, പ്രസ്തുത നോഷണൽ പ്രൊമോഷന്റെ സാമ്പത്തികാനുകൂല്യവും തുടർന്നുള്ള എല്ലാ ആനുകൂല്യങ്ങളും സീനിയർ ക്ലാർക്ക് തസ്തികയിൽ യഥാർത്ഥത്തിൽ പ്രൊമോഷൻ ലഭിച്ച തീയതി മുതൽ അനുവദിക്കാവുന്നതാണ്.

6. പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1) നടപടിക്രമം പ്രകാരം 01.01.2016 മുതൽ 31.12.2016 വരെയുള്ള താത്കാലിക സീനിയോറിറ്റി പട്ടികയിൽ അർഹരായവരെ യഥാസ്ഥാനത്ത് നിലനിർത്തിയും ഫീഡർ കാറ്റഗറി ടെസ്റ്റ് യോഗ്യത, ഒഴിവുണ്ടായ തീയതി എന്നിവയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റങ്ങൾ പുനഃക്രമീകരിച്ചും തരംതാഴ്ത്തപ്പെട്ടവരെ ഒഴിവാക്കിയും റീ - അസൈൻ ചെയ്ത അന്തിമ സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ

പെറ്റീഷണർമാരുടെ ജൂനിയറിന് പ്രൊമോഷൻ നൽകിയിട്ടുണ്ടെങ്കിൽ, പ്രസ്തുത തീയതി പ്രാബല്യത്തിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ചുകൊണ്ടും സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ച തീയതി വരെയുള്ള കാലയളവ് നോഷണൽ പ്രൊമോഷനായതിനാൽ ശമ്പളകുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കില്ല എന്ന വ്യവസ്ഥയിലും നോഷണൽ പ്രൊമോഷൻ കാലയളവിൽ എല്ലാ ആനുകൂല്യങ്ങളും നോഷണലായി നിർണയിച്ചുകൊണ്ടും, പ്രസ്തുത നോഷണൽ പ്രൊമോഷന്റെ സാമ്പത്തികാനുകൂല്യവും, തുടർന്നുള്ള എല്ലാ ആനുകൂല്യങ്ങളും സീനിയർ ക്ലാർക്ക് തസ്തികയിൽ യഥാർത്ഥത്തിൽ പ്രൊമോഷൻ ലഭിച്ച തീയതി മുതൽ അനുവദിച്ചുകൊണ്ടും പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ ആരെയെങ്കിലും തരംതാഴ്ത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ, പ്രൊമോഷൻ ലഭിക്കാതെ അവർ തുടർന്നിരുന്നുവെങ്കിലുള്ള രീതിയിൽ അവരുടെ ശമ്പളം തരംതാഴ്ത്തപ്പെട്ട ഉത്തരവിന്റെ തീയതിയിൽ പുനഃക്രമീകരിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. പരാമർശം(2) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) 1831/18 നമ്പർ കേസ്സിന്മേലുള്ള 01.10.2018 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ.ബി**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ. രതീഷ് പി.കെ, സീനിയർ ക്ലാർക്ക്, മടിക്കൈ ഗ്രാമ പഞ്ചായത്ത്, കാസറഗോഡ്
ശ്രീ. സുമേഷ്.എം, സീനിയർ ക്ലാർക്ക്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, കാസറഗോഡ്
ശ്രീ. ഗോപിനാഥൻ വഞ്ഞങ്ങാട്, സീനിയർ ക്ലാർക്ക്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്,കാസറഗോഡ്
ശ്രീ. അഭിലാഷ് ടി.ആർ, സീനിയർ ക്ലാർക്ക്, പഞ്ചായത്ത് അസിസ്റ്റന്റ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, കാസറഗോഡ്
ശ്രീ. ബർണാഡ്.എം.വി, സീനിയർ ക്ലാർക്ക്, അജാനൂർ ഗ്രാമ പഞ്ചായത്ത്, കാസറഗോഡ്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് അസിസ്റ്റന്റ് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, മടിക്കൈ ഗ്രാമപഞ്ചായത്ത്, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധന വകുപ്പ് (26/11/2019 ലെ ഡെവ 1/57/19/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 282/ഇപിഎ 1/2018/തസ്വഭവ)

ഉത്തരവിൻപ്രകാരം

Danuja M.S
സെക്ഷൻ ഓഫീസർ